പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1727 15.02.2016 - ൽ മറുപടിയ്ക്ക്

## എൻഡോസൾഫാൻ ദുരിതബാധിതർക്കായുള്ള പദ്ധതികൾ

ചോദ്യം

ശ്രീ.ഇ.പി.ജയരാജൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് എൻഡോസൾഫാൻ ദുരിതബാധിതമേഖലകളിൽ സാമൂഹ്യനീതി വകുപ്പ് മുഖേനയും സാമൂഹ്യനീതി വകുപ്പിന്റെ കീഴിലെ വിവിധ ഏജൻസികൾ മുഖേനയും നടപ്പിലാക്കിവരുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദീകരിക്കുമോ; | (എ) യും (ബി) യും (സി) യും | 1. സ്നേഹസാന്ത്വനം പദ്ധതി<br>ദീർഘകാല ചികിൽസ ആവശ്യമുള്ളതും രോഗാവസ്ഥയിലുള്ളവരും തൊഴിലെടുക്കാനാകാതെ വീട്ടിനുള്ളിൽ കഴിയുന്നവരുമായവരിൽ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1700/- രൂപയും വികലാംഗ പെൻഷൻ ലഭിക്കാത്തവർക്ക് 2200/- രൂപയും എൻഡോസൾഫാൻ ദുരിതബാധിതരായ മറ്റുള്ളവർക്ക് നൽകുന്ന പ്രതിമാസ ധനസഹായം 1200/- രൂപയും നൽകിവരുന്നു.<br>2. എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം<br>എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്ക് 2011-12, 2012-13, 2013-14, 2014-15, 2015-16 അദ്ധ്യയന വർഷത്തിലേക്കുള്ള പ്രത്യേക വിദ്യാഭ്യാസ ധനസഹായമായി ബഡ്സ് സ്കൂളിൽ പഠിക്കുന്നവർക്കും 1 മുതൽ 7 -ാം ക്ലാസ്സുവരെയുള്ള കുട്ടികൾക്കും 2000/- രൂപ വീതവും 8 മുതൽ 10 വരെയുള്ള ക്ലാസ്സുവരെയുള്ളവർക്ക് 3000/- രൂപ വീതവും 11, 12, ക്ലാസ്സുകളിലുള്ളവർക്ക് 4000/- വീതവും ഒറ്റത്തവണ ധനസഹായം നൽകുന്ന പദ്ധതി.<br>3. സ്പെഷ്യൽ ആശ്വാസകിരണം പദ്ധതികൾ<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നടപ്പിലാക്കിയ പദ്ധതിയാണിത്. കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ |
| (ബി) | ഓരോ പദ്ധതിയും ആരംഭിച്ചത് എന്നു മുതൽ ക്കാണെന്നു വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെയും ഗുണഭോക്താക്കളുടെ എണ്ണം വ്യക്തമാക്കുമോ; | | |
| (സി) | എൻഡോസൾഫാൻ ദുരിത ബാധിതർക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്; ഓരോ പദ്ധതിയും ആരംഭിച്ചത് എന്നാണ്; ഓരോ പദ്ധതിയും ആരംഭിച്ചപ്പോൾ എത്ര ഗുണഭോക്താക്കളാണുണ്ടായിരുന്നത്; ഇപ്പോൾ ഓരോ പദ്ധതിയിലും എത്ര ഗുണഭോക്താക്കളുണ്ട്? | | |

ദുരിതബാധിതരിൽ പൂർണ്ണമായും കിടപ്പിലായവരോ ബുദ്ധിമാന്ദ്യം സംഭവിച്ചിട്ടുള്ളവരോ ആയവരെ (പരസഹായം കൂടാതെ ജീവിക്കാൻ പറ്റാത്തവർ) പരിചരിക്കുന്ന ഒരാൾക്ക് സാമൂഹ്യ സുരക്ഷാ മിഷന്റെ സ്പെഷ്യൽ ആശ്വാസകിരണം പദ്ധതിയിലുൾപ്പെടുത്തി പ്രതിമാസം 700/- രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്നു.

പ്രസ്തുത പദ്ധതികൾ ആരംഭിച്ച വർഷവും ഗുണഭോക്താക്കളുടെ എണ്ണവും ചുവടെ ചേർത്തിട്ടുണ്ട്.

| ക്രമ നം. | പദ്ധതിയുടെ പേര് | ആരംഭിച്ച വർഷം | പദ്ധതി ആരംഭിച്ചപ്പോഴുള്ള എണ്ണം | ഇപ്പോഴുള്ള ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|---|---|
| 1 | സ്നേഹസാന്ത്വനം പദ്ധതി | ജൂൺ 2010 | 533 | 4738 |
| 2 | എൻഡോസൾഫാൻ ദുരിത ബാധിത കുടുംബങ്ങളിലെ കുട്ടികൾക്കുള്ള വിദ്യാഭ്യാസ ധനസഹായം | മെയ് 2011 | 2563 | 2370 (2014-15 വർഷം) |
| 3 | സ്പെഷ്യൽ ആശ്വാസകിരണം പദ്ധതി | മെയ് 2013 | 237 | 882 |

കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എൻഡോസൾഫാൻ ദുരിത ബാധിതരിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് ധനസഹായം നൽകുന്നതിനായി 2012-13ൽ 17.87 കോടി രൂപയും 2013-14-ൽ 33.42 കോടി രൂപയും കാസർഗോഡ് കളക്ടർക്ക് അനുവദിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതർ ഉൾപ്പെടുന്ന പഞ്ചായത്തുകൾക്ക് ആംബുലൻസ് വാങ്ങുന്നതിന് 71,73,012/-രൂപയും അനുവദിച്ചിട്ടുണ്ട്.

Manoharan

**സെക്ഷൻ ഓഫീസർ**